LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1-1-2010-ലെ ജി. ഒ. (എംഎസ്.) 33/2010/ആഭ്യന്തരം നമ്പർ ഉത്തരവ് (എസ്. ആർ. ഒ. നമ്പർ 107/2010) പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ സായാഹ്ന കോടതികൾ അനുവദിച്ചിട്ടുണ്ട്.

(സി) 21-2-2010-ലെ ജി. ഒ. (എംഎസ്.) 21/2010/ആഭ്യന്തരം, 6-9-2010-ലെ ജി. ഒ. (എംഎസ്.) 200/2010/ആഭ്യന്തരം, 16-6-2011-ലെ ജി. ഒ.(എംഎസ്.) 125/2011/ആഭ്യന്തരം നമ്പർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 'The Evening Courts (Kerala) Rules' പ്രകാരമാണ്. സായാഹ്ന കോടതികൾ പ്രവർത്തിക്കുന്നത് മുൻസിഫ് മജിസ്ട്രേറ്റ് റാങ്കിലുള്ള ഒരു മജിസ്ട്രേറ്റാണ്. സായാഹ്ന കോടതികൾ പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കപ്പെടുന്നത്. വൈകുന്നേരം 6 മണി മുതൽ 8 മണി വരെയാണ് ടി കോടതികളുടെ പ്രവർത്തന സമയം. ക്രിമിനൽ നടപടി ചട്ടം സെക്ഷൻ 260-ന്റെ പരിധിയിൽ വരുന്ന കേസുകളും ഹൈക്കോടതി കാലാകാലങ്ങളിൽ തീരുമാനിക്കുന്ന കേസുകളാണ് സായാഹ്ന കോടതിയിൽ വിചാരണയ്ക്കെടുക്കുന്നത്. സായാഹ്ന കോടതികളുടെ നടപടിക്രമങ്ങളെല്ലാം 1982-ലെ കേരള ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിന് വിധേയമായിട്ടായിരിക്കും.

**ചേലക്കര മണ്ഡലത്തിലെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ പദ്ധതികൾ**

173 (173) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് ചേലക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ അദ്ധ്യായന വർഷത്തിൽ തന്നെ സമയബന്ധിതമായി അവ പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?